# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ജൂലൈ 15, വെള്ളിയാഴ്ച

**നമ്പർ 72**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ ഒരെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ തലേദിവസം ധനാഭ്യർത്ഥന ചർച്ചയ്ക്കിടയിൽ ഭരണ കക്ഷി അംഗം നടത്തിയ പ്രസംഗത്തിലെ പരാമർശത്തിനുമേൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും പ്ലക്കാർഡുകൾ ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാതെ വന്നതിനെ തുടർന്ന് ചോദ്യോത്തര വേളയും ശ്രദ്ധ ക്ഷണിക്കലും ചട്ടം 304 അനുസരിച്ചുള്ള വിഷയങ്ങളും റദ്ദ് ചെയ്തതായി സ്പീക്കർ സഭയെ അറിയിച്ചു.]

റിപ്പോർട്ടുകളുടെ സമർപ്പണം :

(i) സബ്ജക്റ്റ്കമ്മിറ്റി III-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

(ii) സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

KNPP.880/2022.(i)

(iii) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(iv) പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

[പ്രതിപക്ഷ ബഹളം കാരണം സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാത്തതിനാൽ കാര്യവിവരപ്പട്ടികയനുസരിച്ചുള്ള അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദ് ചെയ്തതായി സ്പീക്കർ സഭയെ അറിയിച്ചു]

2022 ജൂലൈ 18-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 09.12-ന് സഭ പിരിഞ്ഞു.

കവിത ഉണ്ണിത്താൻ,

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Fifth Session

# BULLETIN—PART I

(Brief Record of Proceedings)

*Friday, July 15, 2022*

**No.72**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

One Question in the list of Questions posted for the day was answered orally.

[At the commencement of the Question Hour, the Members belonging to the Opposition shouted slogans, hoisted placards and tried to disrupt the proceedings of the House protesting against the speech made by a Member of the ruling party during the discussion on Demands for Grants on the previous day. Since the proceedings couldn't be carried forward smoothly, the Speaker informed the House that the Question Hour, Calling Attention and Matters under Rule 304 were cancelled.]

*Presentation of Reports :*

(i) The Periodical Report from 1st April 2021 to 31st March 2022 and the Report on the action taken on the First report regarding the scrutiny of demands for grants for the year 2021-2022 of the Subject Committee - III were presented.

(ii) The Periodical Report from 1st April 2021 to 31st March 2022 and the Report on the action taken on the First report regarding the scrutiny of demands for grants for the year 2021-2022 of the Subject Committee - VII were presented.

(iii) The Fifth and Sixth reports of the committee on Papers Laid on the Table were presented.

(iv) The Fifth and Sixth reports of the Committee on Environment were presented.

[Since the proceedings couldn't be carried forward smoothly due to the protest from Oppostion, the Speaker informed the House that the Private Members' Business as per the List of Business stood cancelled.]

The House adjourned at 09.12 a.m. to meet again at 09.00 a.m. on Monday, July 18, 2022.

KAVITHA UNNITHAN,

*Secretary-in-Charge.*